**റൂളിംഗ്**

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ നൽകിയിട്ടുള്ള സ്പെഷ്യൽ റൂൾസ് ഫോർ കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഫെഡറേഷൻ ഫോർ ഫിഷറീസ് ഡെവലപ്മെന്റ് ലിമിറ്റഡ് (മത്സ്യഫെഡ്)-നുള്ള ഭേദഗതി നോട്ടീസുകൂടി ഇന്നത്തെ കാര്യവിവരപ്പട്ടികയിൽ ഉൾപ്പെടുത്തിയിരുന്നെങ്കിലും വിശദമായ പരിശോധനയിൽ പ്രസ്തുത നോട്ടീസ് ക്രമപ്രകാരമല്ലെന്ന് കാണുകയുണ്ടായി. നോട്ടീസിൽ പറഞ്ഞിരിക്കുന്ന ചട്ടം ഒരു സ്റ്റാറ്റ്യൂട്ടറി ചട്ടം (SRO) അല്ല. മറിച്ച്, സർക്കാരിനുകീഴിലുള്ള ഒരു സ്ഥാപനമായ മത്സ്യഫെഡിനെ സംബന്ധിക്കുന്ന ചട്ടമാണ്. പ്രസ്തുത ചട്ടത്തിന്മേലുള്ള ഭേദഗതി നിർദ്ദേശങ്ങൾ പരിശോധിച്ച് ആവശ്യമായ ഭേദഗതികൾ വരുത്തേണ്ട ഉത്തരവാദിത്വം സർക്കാരിനുതന്നെയാണ്. സഭയുടെ നടപടി ചട്ടം അനുസരിച്ച് പ്രസ്തുത ഭേദഗതി നോട്ടീസുകൾ സഭ പരിഗണിക്കേണ്ടതില്ല. ക്രമപ്രകാരമല്ലാത്ത പ്രസ്തുത നോട്ടീസിന് അതിനാൽ അനുമതി നിഷേധിക്കുകയാണ്.